കൈപ്പട്ടൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

128 (1795) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കൈപ്പട്ടൂർ മേജർ സെക്ഷന്റെ പരിധിയിൽ വരുന്ന മറ്റത്തേക്ക് മുതൽ കൊച്ചുകൽ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് രൂക്ഷമായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ കൈക്കൊള്ളുന്നതാണ്.

കോന്നി മണ്ഡലത്തിൽ 33 കെ. വി. സബ്സ്റ്റേഷൻ

129 (1796) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തുവോ ;

(ബി) എങ്കിൽ ഉടമസ്ഥാവകാശം കെ. എസ്. ഇ. ബി.ക്ക് കൈമാറിയോ ;

(സി) 33 കെ. വി. സബ്സ്റ്റേഷന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും ഇതിന്റെ പ്രാരംഭ നടപടികൾ ഏതവസ്ഥയിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പണി ടെണ്ടർ ചെയ്യാനുള്ള ഷെഡ്യൂൾ പരിശോധിച്ചു വരികയാണ്. സ്ഥലം ലഭ്യമായാൽ എത്രയും വേഗം പണി ആരംഭിക്കാനാണുദ്ദേശിക്കുന്നത്.

കുമ്പനാട് 33 കെ. വി. സബ്സ്റ്റേഷന്റെ പണി

130 (1797) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പനാട് 33 കെ. വി. സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ഡി) സബ്സ്റ്റേഷന്റെ പണി ഈ വർഷത്തിൽ തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തി കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) ഇല്ല. ടെൻഡർ വിളിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) സ്ഥലം ലഭ്യമായാൽ ഒരു വർഷത്തിനകം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പെരുംപായിൽ കോളനിയിലെ വോൾട്ടേജ് ക്ഷാമം

131 (1798) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പെരുംപായിൽ കോളനി നിവാസികൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇതു സംബന്ധിച്ച് പാലക്കാട് ഇലക്ട്രിസിറ്റി സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ കോളനി നിവാസികൾക്ക് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കി.മീറ്റർ ദൂരം എൽ.ടി. സിംഗിൾ ഫേയ്സ് ലൈൻ ത്രീഫേയ്സ് ലൈനായി ഉയർത്തുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മുൻഗണനാ ക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും മേൽപറഞ്ഞ ജോലി ചെയ്തു തീർക്കുന്നതും അതോടുകൂടി ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly